## പതിമൂന്നാംകേരള നിയമസഭ
## പതിനാലാം സമ്മേളനം

നിയമസഭാ ചോദ്യം
നമ്പർ : 2107

2015 ജൂലൈ 7 ന്
മറുപടി പറയേണ്ടത്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.കെ.എം.മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി. |
| പിരിവ് എ) മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പുകൊടുത്തതും മന്ത്രിസഭ അംഗീകരിച്ചതുമായ 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിന് പുതിയ തസ്തികകൾ ആവശ്യമാണെന്ന് ആരോഗ്യവകുപ്പ് ധനകാര്യവകുപ്പിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള അനുമതിയാണു ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത്; ഇതിനു വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയാണ്; | അറിയിച്ചിട്ടുണ്ട്; തിരുവനന്തപുരം/കോഴിക്കോട്/ കോട്ടയം/ആലപ്പുഴ/തൃശ്ശൂർ എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിൽ ആകെ 50 തസ്തികകൾ സൃഷ്ടിക്കുന്നതിനാണു ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിന് 1,83,31,680/-(ഒരു കോടി എൺപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി അറുനൂറ്റി എൺപത് രൂപ) രൂപയുടെ വാർഷികം ബാധ്യത കണക്കാക്കുന്നു. |
| പിരിവ് ബി) ഈ തസ്തികകൾ ധനകാര്യവകുപ്പ് അനുവദിക്കാത്തതാണ് 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിനുള്ള തടസ്സം എന്ന് പറയപ്പെടുന്നത് ശരിയാണോ; എങ്കിൽ പുതിയ തസ്തികകൾ അനുവദിച്ച് ഇക്കാര്യം നടപ്പാക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്ന് എപ്പോൾ അനുകൂല നടപടിയുണ്ടാകും എന്ന് വിശദമാക്കാമോ? | ഭരണവകുപ്പ് ഫയൽ നം: U.O(f)No.25043/H&L-B1/15/Fin 796/S2/13/H&FWD. (E No.73112) നിലവിൽ ധനവകുപ്പ് പരിശോധിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ